"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - 11-ാം ശമ്പള പരിഷ്കരണ ഉത്തരവിലെ ആനുകൂല്യങ്ങൾ കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിലെ സർക്കാർ അംഗീകാരമുള്ള തസ്തികകളിലെ ജീവനക്കാർക്കും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.17/2022/LBR തീയതി,തിരുവനന്തപുരം, 26-04-2022

---

പരാമർശം:-
1. 18/04/2017-ലെ സ.ഉ.(എം.എസ്.) നമ്പർ 27/2017/തൊഴിൽ.
2. 01/06/2018-ലെ സ.ഉ.(എം.എസ്.) നമ്പർ 31/2018/തൊഴിൽ.
3. 10/02/2021-ലെ സ.ഉ.(പി) നമ്പർ 27/2021/ധന.
4. കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് ചീഫ് എക്സിക്യൂട്ടീവിന്റെ 09/03/2021, 27/03/2021 തീയതികളിലെ എഫ്1-2472/2021 നമ്പർ കത്തുകൾ.

**ഉത്തരവ്**

1981-ലെ കേരള ചുമട്ടു തൊഴിലാളി ചട്ടം 15 (3)(സി) പ്രകാരം ശമ്പളം, ക്ഷാമബത്ത തുടങ്ങിയവയെ സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന പൊതു ഉത്തരവുകൾ ബോർഡ് ജീവനക്കാർക്കുകൂടി ബാധകമാക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ, പരാമർശം (3) ഉത്തരവ് പ്രകാരം സംസ്ഥാന ജീവനക്കാർക്ക് അനുവദിച്ച 11-ാമത് ശമ്പളപരിഷ്കരണ ഉത്തരവിലെ ആനുകൂല്യങ്ങൾ ബോർഡ് ജീവനക്കാർക്ക് കൂടി ബാധകമാക്കണമെന്ന് കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് പരാമർശം (4) പ്രകാരം സർക്കാരിനോട് ശിപാർശ ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിലെ സർക്കാർ അംഗീകാരമുള്ള തസ്തികകളിലെ ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ, മറ്റു ആനുകൂല്യങ്ങൾ എന്നിവ പരാമർശം (3) ഉത്തരവിന്റെ അനക്സർ I പ്രകാരം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | തസ്തികയുടെ പേര് | തസ്തികയുടെ എണ്ണം | നിലവിലുള്ള ശമ്പള സ്കെയിൽ | പുതുക്കിയ ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1 | അക്കൗണ്ട്സ് ഓഫീസർ ഹയർ ഗ്രേഡ് | 3 | 39500-83000 | 55200-115300 |
| 2 | അക്കൗണ്ട്സ് ഓഫീസർ | 16 | 35700-75600 | 50200-105300 |
| 3 | ജൂനിയർ സൂപ്രണ്ട് | 56 | 30700-65400 | 43400-91200 |
| 4 | ഹെഡ് ക്ലാർക്ക് | 32 | 27800-59400 | 39300-83000 |

| | | | | |
|---|---|---|---|---|
| 5 | യു.ഡി.ക്ലാർക്ക് | 98 | 25200-54000 | 35600-75400 |
| 6 | എൽ.ഡി.ക്ലാർക്ക് | 414 | 19000-43600 | 26500-60700 |
| 7 | യു.ഡി.ടൈപ്പിസ്റ്റ് | 12 | 25200-54000 | 35600-75400 |
| 8 | എൽ.ഡി.ടൈപ്പിസ്റ്റ് | 12 | 19000-43600 | 26500-60700 |
| 9 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 3 | 20000-45800 | 27900-63700 |
| 10 | പ്യൂൺ | 134 | 16500-35700 | 23000-50200 |
| 11 | ഡ്രൈവർ | 4 | 18000-41500 | 25100-57900 |
| 12 | പി.റ്റി.എസ്. | 40 | 9340-14800 | 13000-21080 |
| 13 | പി.റ്റി.ഡബ്ലിയു. | 7 | 9340-14800 | 13000-21080 |
| | **ആകെ** | **831** | | |

<u>**നിബന്ധനകൾ**</u>

i. മേൽ ശമ്പള പരിഷ്കരണം 01/07/2019 മുതലും പരിഷ്കരിച്ച അലവൻസുകൾ 01/03/2021 മുതലും പ്രാബല്യത്തിൽ വരുന്നതാണ്.

ii. 01/07/2019-ന് നിലവിലുള്ള 28% ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിക്കപ്പെടുന്നതും പരിഷ്കരിച്ച സ്കെയിലിൽ 01/07/2019-ലെ ക്ഷാമബത്ത പൂജ്യം ആയിരിക്കുന്നതുമാണ്.

iii. ശമ്പള നിർണ്ണയം സംബന്ധിച്ച് 10/02/2021-ലെ സ.ഉ.(പി)നം. 27/2021/ധന ഉത്തരവിന്റെ അനക്സർ II -ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

iv. സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 10/02/2021-ലെ സ.ഉ.(പി)നം.27/2021/ധന ഉത്തരവിന്റെ അനക്സർ VI-ലെ ഖണ്ഡിക 22 ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. പരിഷ്കരിച്ച സമയബന്ധിത ഹയർ ഗ്രേഡ് സ്കീമിന്റെ പ്രാബല്യത്തീയതി 01/04/2021 ആണ്.

v. വീട്ടുവാടക ബത്ത 10/02/2021-ലെ സ.ഉ.(പി)നം.27/2021/ധന ഉത്തരവിലെ ഖണ്ഡിക 12-ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ്.

vi. ഭിന്ന ശേഷിയുള്ള ജീവനക്കാർക്ക് പ്രതിമാസം 1100/- രൂപ സ്പെഷ്യൽ അലവൻസിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

vii. മേൽ പറഞ്ഞവയല്ലാതെ മറ്റ് അലവൻസുകൾ/മറ്റ് ആനുകൂല്യങ്ങൾ എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ അനുവദിക്കാൻ പാടില്ല .

viii. മുൻകൂർ സർക്കാർ അനുമതിയില്ലാതെ റേഷ്യോ പ്രൊമോഷൻ, തസ്തികകളുടെ അപ്ഗ്രഡേഷൻ, ഡൗൺഗ്രഡേഷൻ, പുനർനാമകരണം എന്നിവ നടപ്പാക്കാൻ പാടില്ല.

ix. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ,പെൻഷൻ പ്രായം എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ മാറ്റം വരുത്താൻ പാടില്ല.

x. പാർട്ട് ടൈം സ്വീപ്പറുടെ ശമ്പളവും മറ്റു ആനുകൂല്യങ്ങളും സ.ഉ.(പി)നം. 27/2021/ധന ഉത്തരവിന്റെ ഖണ്ഡിക 32 പ്രകാരം നിർണ്ണയിക്കേണ്ടതാണ്.

xi. പ്രോവിഡന്റ് ഫണ്ടിലേയ്ക്കുള്ള തൊഴിൽ ദാതാവിന്റെ പരമാവധി വിഹിതം 12%

(അടിസ്ഥാന ശമ്പളം+ഡി.എ.) എന്ന നിരക്കിലാണ് കണക്കാക്കേണ്ടത്.

xii. മുൻകൂർ സർക്കാർ അനുമതിയില്ലാതെ പുതിയ തസ്തികകൾ സൃഷ്ടിക്കുകയോ സർക്കാർ അനുമതിയില്ലാത്ത തസ്തികകളിൽ നിയമനം നടത്തുകയോ ചെയ്യാൻ പാടില്ല.

xiii. ശമ്പള പരിഷ്കരണത്തിന് അനുബന്ധമായി പിന്നീട് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ ബോർഡിൽ നടപ്പാക്കാൻ പാടില്ല.

xiv. ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിന് മുൻപ് സർക്കാരിന്റെ അഭിപ്രായം ആരായേണ്ടതാണ്.

xv. കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമല്ല. താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ പാടില്ല. കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ ടി നിയമനം മൂലം സ്ഥിര നിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

xvi. ശമ്പള പരിഷ്കരണ പ്രകാരമുള്ള കുടിശ്ശിക നൽകുന്നത് സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി പരിശോധിച്ചതിനു ശേഷം തീരുമാനിക്കാവുന്നതാണ്.

xvii. ശമ്പള പരിഷ്കരണം നടപ്പിലാക്കുമ്പോഴുണ്ടാകുന്ന അധിക ചെലവ് ബോർഡിന്റെ ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടതാണ്. ഇതിലേയ്ക്കായി യാതൊരുവിധ സാമ്പത്തിക സഹായവും സർക്കാരിൽ നിന്നും നൽകുന്നതല്ല.

xviii. ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾ ഉണ്ടാവുകയാണെങ്കിൽ ആയതിനുള്ള ഉത്തരവാദിത്തം കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് ചീഫ് എക്സിക്യൂട്ടീവിന് ആയിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനി ആന്റണി.ഐ.എ.എസ്
സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ്, കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി.) വകുപ്പ് (12/04/2022-ലെ ഇനം നമ്പർ 670 പ്രകാരം).
ധനകാര്യ വകുപ്പ് ( 21.03.2022, 25.03.2022 തീയതികളിലെ 1765921/LBR-1/161/2021-Fin നമ്പർ കുറിപ്പുകൾ പ്രകാരം).
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സംഭരണ ഫയൽ/ഓഫീസ് കോപ്പി.

Signed by Retty P Thomas
Date: 27-04-2022 10:37:23

സെക്ഷൻ ഓഫീസർ

പകർപ്പ് :- പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറിയുടെ സി.എ.യ്ക്ക്.

സ.ഉ.(കൈ) നം.17/2022/LBR

തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.

<u>രഹസ്യം</u>

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 23-03-2022

ഫയൽ നം. എച്ച്2/67/2021/തൊഴിൽ. ഇനം നം: 626

വിഷയം : തൊഴിലും നൈപുണ്യവും വകുപ്പ് - 11-ാം ശമ്പള പരിഷ്കരണ ഉത്തരവിലെ ആനുകൂല്യങ്ങൾ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ജീവനക്കാർക്കു കൂടി ബാധകമാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

626

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എച്ച്2/67/2021-തൊഴിൽ |
| 2 | വകുപ്പ് | : | തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ് |
| 3 | വിഷയം | : | 11-ാം ശമ്പള പരിഷ്കരണ ഉത്തരവിലെ ആനുകൂല്യങ്ങൾ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ജീവനക്കാർക്കു കൂടി ബാധകമാക്കുന്നത്- സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് ലഭിച്ച തീയതി | : | 12/03/2022 |
| 5 | (1) ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ? (2) സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; | : | സർക്കാരിന് സാമ്പത്തിക ബാധ്യത ഇല്ല എങ്കിലും ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രി സഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. ഡി. ലാൽ |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീമതി മിനി ആന്റണി ഐ.എ.എസ്. |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 16/03/2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി.പി. ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 17/03/2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. വി. ശിവൻകുട്ടി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 17/03/2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 18/03/2022 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

10/02/2021-ലെ സ.ഉ.(പി)നം.27/2021/ധന ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള 11-ാം ശമ്പള പരിഷ്കരണ ഉത്തരവിലെ ആനുകൂല്യങ്ങൾ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ സ്ഥിരം ജീവനക്കാർക്കും ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട വിഷയമാണ് ഈ കുറിപ്പിലുള്ളത്.

2) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് (വിശേഷാൽ ചട്ടം) പ്രകാരം ബോർഡിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും മറ്റ് ആനുകൂല്യങ്ങളും കേരള സർവ്വീസ് ചട്ടങ്ങളിലെ I ഉം II ഉം വ്യവസ്ഥകൾക്ക് വിധേയമായാണ് നൽകുന്നത്. 20.01.2016 ലെ സ.ഉ.(പി)നം. 7/16/ധന പ്രകാരമുള്ള 10-ാം ശമ്പള പരിഷ്കരണം 23/05/2017 തീയതിയിലെ സ.ഉ.(കൈ)നം. 36/2017/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം കേരളാ മോട്ടോർതൊഴിലാളി ക്ഷേമനിധി ബോർഡ് ജീവനക്കാർക്ക് ബാധകമാക്കി കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

3) 11-ാം ശമ്പള പരിഷ്കരണാനുകൂല്യങ്ങൾ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ജീവനക്കാർക്ക് നടപ്പിലാക്കുന്നത് വഴിയുള്ള അധിക സാമ്പത്തിക ബാദ്ധ്യത വഹിക്കുവാൻ ബോർഡിന്റെ പൊതു നിധി പര്യാപ്തമാണെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്.

4) ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു:-

"കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ സർക്കാർ അംഗീകാരമുള്ള തസ്തികകളിലെ ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ, മറ്റ ആനുകൂല്യങ്ങൾ എന്നിവ 10/02/2021 -ലെ സ.ഉ.(പി)നം.27/2021/ധന ഉത്തരവിന്റെ അനക്സർ 1 പ്രകാരം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച നൽകാവുന്നതാണ് .

| ക്രമ നമ്പർ | തസ്തികയുടെ പേര് | തസ്തികയുടെ എണ്ണം | 2004 ശമ്പളപരിഷ്കരണ പ്രകാരമുള്ള സ്കെയിൽ | 2009 ശമ്പള പരിഷ്കരണ പ്രകാരമുള്ള സ്കെയിൽ | 2014 ശമ്പള പരിഷ്കരണ പ്രകാരമുള്ള സ്കെയിൽ | 2019 ശമ്പളപരിഷ്കരണ പ്രകാരമുള്ള സ്കെയിൽ |
|---|---|---|---|---|---|---|
| 1 | ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ /അഡീഷണൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ /അക്കൗണ്ട്സ് ഓഫീസർ /സീനിയർ സൂപ്രണ്ട് | 24 | 10790-18000 | 18740-33680 | 35700-75600 | 50200-105300 |
| 2 | ജൂനിയർ സൂപ്രണ്ട് | 8 | 9190-15510 | 16180-29180 | 30700-65400 | 43400-91200 |
| 3 | ഹെഡ് ക്ലാർക്ക് | 6 | 7990-12930 | 13900-24040 | 26500-56700 | 37400-79000 |
| 4 | യു.ഡി.ക്ലാർക്ക് | 17 | 6680-10790 | 13210-22360 (as per last pay revision order) | 25200-54000 | 35600-75400 |
| 5 | എൽ.ഡി.ക്ലാർക്ക് | 68 | 4990-7990 (5250-8390) | 9940-16580 (as per last pay revision order) | 19000-43600 | 26500-60700 |
| 6 | എൽ.ഡി.ടൈപ്പിസ്റ്റ് | 17 | 4990-7990 (5250-8390) | 9940-16580 (as per last pay revision order) | 19000-43600 | 26500-60700 |
| 7 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 | 5930-9590 (6080-9830) | 10480-18300 | 20000-45800 | 27900-63700 |
| 8 | ഡ്രൈവർ | 1 | 4510-7480 (4750-7820) | 8960-14260 | 17500-39500 | 24400-55200 |
| 9 | പ്യൂൺ | 17 | 4300-5930 (4510-6230) | 8500-13210 | 16500-35700 | 23000-50200 |

| | | | | | | |
|---|---|---|---|---|---|---|
| 10 | പാർട്ട്ടൈം സ്വീപ്പർ | 14 | - | 4250-6700 | 8200-13340 | 11500-18940 |
| | ആകെ | 173 | | | | |

## വ്യവസ്ഥകൾ

I. മേൽ ശമ്പള പരിഷ്കരണം 01/07/2019 മുതലും പരിഷ്കരിച്ച അലവൻസുകൾ 01/03/2021 മുതലും പ്രാബല്യത്തിൽ വരുന്നതാണ് .

ii. 01/07/2019 ന് നിലവിലുള്ള 28% ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിക്കപ്പെടുന്നതാണ്. പരിഷ്കരിച്ച സ്കെയിലിൽ 01/07/2019 ലെ ക്ഷാമബത്ത പൂജ്യം ആയിരിക്കും.

iii. യാതൊരു കാരണവശാലും ഒരു കാറ്റഗറിയിലും ശമ്പള സ്കെയിൽ step up ചെയ്യാൻ അനുവദിക്കുന്നതല്ല.

iv. പുതുക്കിയ സ്കെയിലിലെ ക്ഷാമബത്ത 10/02/2021 ലെ സ.ഉ.(പി)നം.27/2021/ധന ഉത്തരവിലെ ഖണ്ഡിക 11 പ്രകാരമായിരിക്കും.

v. പുതുക്കിയ സ്കെയിലിലെ ശമ്പളനിർണ്ണയം 10/02/2021 ലെ സ.ഉ.(പി)നം.27/2021/ധന ഉത്തരവിന്റെ അനുബന്ധം II ലെ ചട്ടങ്ങൾ പ്രകാരമായിരിക്കും.

vi. സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 10/02/2021 ലെ സ.ഉ (പി) നം.27/2021/ധന ഉത്തരവിന്റെ അനക്സർ VI ലെ ഖണ്ഡിക 22 ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. പുതുക്കിയ സമയബന്ധിത ഹയർ ഗ്രേഡ് സ്കീമിന്റെ പ്രാബല്യത്തീയതി 01.04.2021 ആണ്.

vii. വീട്ടുവാടക ബത്ത 10/02/2021 ലെ സ.ഉ (പി) നം.27/2021/ധന ഉത്തരവിലെ ഖണ്ഡിക 12 ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ് .

viii. ശമ്പളപരിഷ്കരണ കടിശ്ശിക വിതരണം സർക്കാർ ജീവനക്കാർക്ക് ബാധകമായ തരത്തിൽ (10/02/2021 ലെ സ.ഉ.(പി)നം.27/2021/ധന ഉത്തരവിലെ ഖണ്ഡിക 43 പ്രകാരം) ആയിരിക്കും.

ix. സർക്കാർ ജീവനക്കാർക്ക് ബാധകമല്ലാത്ത ഏതെങ്കിലും അലവൻസോ മറ്റ് ആനുകൂല്യങ്ങളോ നിലവിൽ ക്ഷേമനിധിയിലെ ജീവനക്കാർ അനുഭവിക്കുന്നുണ്ടെങ്കിൽ ആയത് ഈ ഉത്തരവോടുകൂടി അവസാനിപ്പിക്കേണ്ടതാണ്.

x. ധനകാര്യ വകുപ്പിന്റെ അഭിപ്രായവും ബഹു.മന്ത്രിസഭായോഗ തീരുമാനപ്രകാരമുള്ള സർക്കാർ ഉത്തരവ് കൂടാതെ തസ്തിക സൃഷ്ടിക്കുവാനോ തസ്തിക ഉയർത്തുവാനോ പാടുള്ളതല്ല.

xi. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള തസ്തികകളിലല്ലാതെ യാതൊരാളെയും (പാർട്ട് ടൈം, ഫുൾടൈം, പ്രൊവിഷണൽ, താൽക്കാലിക നിയമനം എന്നിവയും കോൺട്രാക്ട്/ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം) നിയമിക്കുവാൻ പാടുള്ളതല്ല.

Xii. പ്രസ്തുത ശമ്പള പരിഷ്കരണം മൂലമുണ്ടാകുന്ന യാതൊരു സാമ്പത്തിക ബാധ്യതയും സർക്കാർ വഹിക്കുന്നില്ല. ആയത് ക്ഷേമനിധി തനതു ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടതാണ്.

xiii. ശമ്പള പരിഷ്കരണ പ്രകാരമുള്ള കുടിശ്ശിക നൽകുന്നതു സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി പരിശോധിച്ചതിനു ശേഷം തീരുമാനിക്കാവുന്നതാണ് .

xiv. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ എല്ലാ നിയമനങ്ങളിലും പട്ടിക ജാതി, പട്ടിക വർഗ്ഗങ്ങൾ, മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവർക്കുള്ള നിയമാനുസൃത സംവരണ വ്യവസ്ഥ കർശനമായി പാലിക്കേണ്ടതാണ് .

xv. ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിൽ പിഴവ് സംഭവിക്കുന്ന പക്ഷം ആയതിന് കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഉത്തരവാദിയായിരിക്കുന്നതാണ്.

ശമ്പളപരിഷ്കരണ നിർദ്ദേശം മന്ത്രിസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതും കരട് ശമ്പളപരിഷ്കരണ ഉത്തരവ് സൂക്ഷ്മപരിശോധനയ്ക്കായി ധനകാര്യവകുപ്പിലേയ്ക്ക് അയയ്ക്കേണ്ടതുമാണ്.

ഇതിന് ബഹു.ധനകാര്യവകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

5) ധനകാര്യവകുപ്പിന്റെ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ, മേൽപ്പറഞ്ഞ നിബന്ധനകൾക്ക് വിധേയമായി കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ സ്ഥിരം ജീവനക്കാർക്ക് 11-ാം ശമ്പള പരിഷ്കരണ ഉത്തരവ് (10.02.2021 ലെ സ. ഉ. (പി) നം. 27/2021/ധന) പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്ന വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ, ഫയൽ ചംക്രമണം ചെയ്തപ്പോൾ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

"കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ സർക്കാർ അംഗീകാരമുള്ള തസ്തികകളിലെ ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ 11-ാം ശമ്പള പരിഷ്കരണ ഉത്തരവിലെ (10.02.2021 ലെ സ. ഉ (പി) നം. 27/2021/ധന) നിബന്ധനകൾ പ്രകാരവും ധനകാര്യ വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായും പരിഷ്കരിക്കുന്നതിന് കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കാമോ?"

# GOVERNMENT OF KERALA
## (Shri.Pinarayi Vijayan Ministry)
## NOTE FOR THE COUNCIL OF MINISTERS

| | | | |
|---|---|---|---|
| 1. | File No. | : | H2/67/2021/LBR. |
| 2. | Department | : | Labour & Skills (H) Department. |
| 3. | Subject | : | Extension of the benefit of 11th Pay Revision order to the employees of Kerala Motor Transport Workers Welfare Board -reg |
| 4. | Date of Chief Minister's order for placing before the Council | : | 12/03/2022 |
| 5 | Does the case involve financial commitments/ implications and if so whether Finance Department has been consulted and their remarks incorporated in the Note for the Council | : | No financial commitment to Government. But remarks of Finance Department is obtained |
| 6. | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | No |
| 7. | Name of Additional Secretary who submitted the Draft Note | : | Sri. D. Lal. |
| 8. | Name of Secretary who approved the Draft Note | : | Smt. Mini Antony IAS |
| 9. | Date of approval of the Draft Note for the Council by the Secretary | : | 16/03/2022 |
| 10 | Name of Chief Secretary who approved the Draft Note | : | Dr. V. P. Joy |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : | 17/03/2022 |
| 12 | Name of Minister who approved the Draft Note | : | Sri. V. Sivankutty |
| 13 | Date of approval of the Draft Note for the Council by the Minister | : | 17/03/2022 |
| 14 | Date of submission of fair copies | : | 18/03/2022 |
| 15 | Date of decision by the Council of Ministers | : | |
| 16 | Number and date of the G.O./letter communicating the decision | : | |

## Note for the Council of Ministers

This note pertains to the extension of the benefits of pay and allowances granted to Government employees as per 11th pay revision order (G.O(P)No.27/2021/Fin dated 10/02/2021), to the employees of Kerala Motor Transport Workers' Welfare Fund Board.

2) As per the Kerala Motor Transport Workers' Welfare Fund Board Special Rules, pay, allowances and such other entitlements regarding the Staff of the Board is in accordance with the terms and conditions stipulated in KSR Part I & II. The revision of pay and allowances in the 10th pay revision as per G.O(P)No.7/2016/Fin dated 20/01/2016, have already been sanctioned to the employees of Kerala Motor Transport Workers' Welfare Fund Board vide G.O.(Ms)No.36/2017/LBR dated 23/05/2017.

3) The Chief Executive Officer, Kerala Motor Transport Workers' Welfare Fund Board has reported that the Board is capable of meeting the additional financial commitment owing to the implementation of 11th pay revision benefits to its employees from its own general fund.

4) The remarks of Finance Department with regard to the pay revision is as follows:-

"കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ സർക്കാർ അംഗീകാരമുള്ള തസ്തികകളിലെ ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ 10/02/2021-ലെ സ.ഉ.(പി)നം.27/2021/ധന ഉത്തരവിന്റെ അനക്സർ 1 പ്രകാരം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് നൽകാവുന്നതാണ്.

| ക്രമ നമ്പർ | തസ്തികയുടെ പേര് | തസ്തികയുടെ എണ്ണം | 2004 ശമ്പളപരിഷ്കരണ പ്രകാരമുള്ള സ്കെയിൽ | 2009 ശമ്പള പരിഷ്കരണ പ്രകാരമുള്ള സ്കെയിൽ | 2014 ശമ്പള പരിഷ്കരണ പ്രകാരമുള്ള സ്കെയിൽ | 2019 ശമ്പളപരിഷ്കരണ പ്രകാരമുള്ള സ്കെയിൽ |
|---|---|---|---|---|---|---|
| 1 | ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ /അഡീഷണൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ /അക്കൗണ്ട്സ് ഓഫീസർ /സീനിയർ സൂപ്രണ്ട് | 24 | 10790-18000 | 18740-33680 | 35700-75600 | 50200-105300 |
| 2 | ജൂനിയർ സൂപ്രണ്ട് | 8 | 9190-15510 | 16180-29180 | 30700-65400 | 43400-91200 |
| 3 | ഹെഡ് ക്ലാർക്ക് | 6 | 7990-12930 | 13900-24040 | 26500-56700 | 37400-79000 |
| 4 | യു.ഡി.ക്ലാർക്ക് | 17 | 6680-10790 | 13210-22360 (as per last pay revision order) | 25200-54000 | 35600-75400 |
| 5 | എൽ.ഡി.ക്ലാർക്ക് | 68 | 4990-7990 (5250-8390) | 9940-16580 (as per last pay revision order) | 19000-43600 | 26500-60700 |
| 6 | എൽ. ഡി.ടൈപ്പിസ്റ്റ് | 17 | 4990-7990 (5250-8390) | 9940-16580 (as per last pay revision order) | 19000-43600 | 26500-60700 |
| 7 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 | 5930-9590 (6080-9830) | 10480-18300 | 20000-45800 | 27900-63700 |
| 8 | ഡ്രൈവർ | 1 | 4510-7480 (4750-7820) | 8960-14260 | 17500-39500 | 24400-55200 |
| 9 | പ്യൂൺ | 17 | 4300-5930 (4510-6230) | 8500-13210 | 16500-35700 | 23000-50200 |
| 10 | പാർട്ട്ടൈം | 14 | - | 4250-6700 | 8200-13340 | 11500-18940 |

| | | | | | | |
|---|---|---|---|---|---|---|
| | സ്വീപ്പർ | | | | | |
| | ആകെ | 173 | | | | |

## വ്യവസ്ഥകൾ

i മേൽ ശമ്പള പരിഷ്കരണം 01/07/2019 മുതലും പരിഷ്കരിച്ച അലവൻസുകൾ 01/03/2021 മുതലും പ്രാബല്യത്തിൽ വരുന്നതാണ് .

ii. 01/07/2019 ന് നിലവിലുള്ള 28% ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിക്കപ്പെടുന്നതാണ്. പരിഷ്കരിച്ച സ്കെയിലിൽ 01/07/2019 ലെ ക്ഷാമബത്ത പൂജ്യം ആയിരിക്കും.

iii. യാതൊരു കാരണവശാലും ഒരു കാറ്റഗറിയിലും ശമ്പള സ്കെയിൽ step up ചെയ്യാൻ അനുവദിക്കുന്നതല്ല.

iv. പുതുക്കിയ സ്കെയിലിലെ ക്ഷാമബത്ത 10/02/2021 ലെ സ.ഉ.(പി)നം.27/2021/ധന ഉത്തരവിലെ ഖണ്ഡിക 11 പ്രകാരമായിരിക്കും.

v. പുതുക്കിയ സ്കെയിലിലെ ശമ്പളനിർണ്ണയം 10/02/2021 ലെ സ.ഉ.(പി)നം.27/2021/ധന ഉത്തരവിന്റെ അനുബന്ധം II ലെ ചട്ടങ്ങൾ പ്രകാരമായിരിക്കും.

vi. സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 10/02/2021 ലെ സ.ഉ (പി) നം.27/2021/ധന ഉത്തരവിന്റെ അനക്സർ VI ലെ ഖണ്ഡിക 22 ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. പുതുക്കിയ സമയബന്ധിത ഹയർ ഗ്രേഡ് സ്കീമിന്റെ പ്രാബല്യത്തീയതി 01.04.2021 ആണ്.

vii. വീട്ടുവാടക ബത്ത 10/02/2021 ലെ സ.ഉ (പി) നം.27/2021/ധന ഉത്തരവിലെ ഖണ്ഡിക 12 ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ് .

viii. ശമ്പളപരിഷ്കരണ കുടിശ്ശിക വിതരണം സർക്കാർ ജീവനക്കാർക്ക് ബാധകമായ തരത്തിൽ (10/02/2021 ലെ സ.ഉ.(പി)നം.27/2021/ധന ഉത്തരവിലെ ഖണ്ഡിക 43 പ്രകാരം) ആയിരിക്കും.

ix. സർക്കാർ ജീവനക്കാർക്ക് ബാധകമല്ലാത്ത ഏതെങ്കിലും അലവൻസോ മറ്റ് ആനുകൂല്യങ്ങളോ നിലവിൽ ക്ഷേമനിധിയിലെ ജീവനക്കാർ അനുഭവിക്കുന്നുണ്ടെങ്കിൽ ആയത് ഈ ഉത്തരവോടുകൂടി അവസാനിപ്പിക്കേണ്ടതാണ്.

x. ധനകാര്യ വകുപ്പിന്റെ അഭിപ്രായവും ബഹു.മന്ത്രിസഭായോഗ തീരുമാനപ്രകാരമുള്ള സർക്കാർ ഉത്തരവ് കൂടാതെ തസ്തിക സൃഷ്ടിക്കുവാനോ തസ്തിക ഉയർത്തുവാനോ പാടുള്ളതല്ല.

xi. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള തസ്തികകളിലല്ലാതെ യാതൊരാളെയും (പാർട്ട് ടൈം, ഫുൾടൈം, പ്രൊവിഷണൽ, താൽക്കാലിക നിയമനം എന്നിവയും കോൺട്രാക്ട്/ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം) നിയമിക്കുവാൻ പാടുള്ളതല്ല.

xii. പ്രസ്തുത ശമ്പള പരിഷ്കരണം മൂലമുണ്ടാകുന്ന യാതൊരു സാമ്പത്തിക ബാധ്യതയും സർക്കാർ വഹിക്കുന്നില്ല. ആയത് ക്ഷേമനിധി തനതു ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടതാണ്.

xiii. ശമ്പള പരിഷ്കരണ പ്രകാരമുള്ള കുടിശ്ശിക നൽകുന്നതു സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി പരിശോധിച്ചതിനു ശേഷം തീരുമാനിക്കാവുന്നതാണ് .

xiv. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ എല്ലാ നിയമനങ്ങളിലും പട്ടിക ജാതി, പട്ടിക വർഗ്ഗങ്ങൾ, മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവർക്കുള്ള നിയമാനുസൃത സംവരണ വ്യവസ്ഥ കർശനമായി പാലിക്കേണ്ടതാണ് .

xv. ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിൽ പിഴവ് സംഭവിക്കുന്ന പക്ഷം ആയതിന് കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഉത്തരവാദിയായിരിക്കുന്നതാണ്.

ശമ്പളപരിഷ്കരണ നിർദ്ദേശം മന്ത്രിസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതും കരട് ശമ്പളപരിഷ്കരണ ഉത്തരവ് സൂക്ഷ്മപരിശോധനയ്ക്കായി ധനകാര്യവകുപ്പിലേയ്ക്ക് അയയ്ക്കേണ്ടതുമാണ്.

ഇതിന് ബഹു.ധനകാര്യവകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

5) When the file containing the proposal for extension of the benefits of pay and allowances granted to Government employees as per 11th pay revision order (G.O(P)No.27/2021/Fin dated 10/02/2021), to the employees of Kerala Motor Transport Workers' Welfare Fund Board was circulated, the Hon'ble Chief Minister ordered to place the matter before the Council of Ministers.

## Point for decision

"Whether orders may be issued authorising the Chief Executive Officer, Kerala Motor Transport Workers' Welfare Fund Board to extend salary, allowances and other benefits to the employees of the Kerala Motor Transport Workers' Welfare Fund Board in the Government sanctioned posts as per the conditions stipulated in the 11th pay revision order (G.O(P)No.27/2021/Fin dated 10/02/2021) and also subject to the conditions specified by Finance Department ?"